**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4863** **4.7.2012 ൽ മറുപടിയ്ക്ക്**

**എല്ലാ ജില്ലയിലും എല്ലാ വർഷവും ജനസമ്പർക്ക പരിപാടി**

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | മറുപടി<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ജനസമ്പർക്ക പരിപാടി എല്ലാ ജില്ലയിലും വരും വർഷങ്ങളിലും നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) പരിശോധിക്കാവുന്നതാണ്. |
| (ബി) കഴിഞ്ഞ ജനസമ്പർക്ക പരിപാടിയിൽ സ്വീകരിച്ച പരാതികളിന്മേൽ തീർപ്പാക്കാത്ത പരാതികൾ പുതിയ പരിപാടിയിലേക്ക് ക്യാരി ഓവർ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) ജനസമ്പർക്ക പരിപാടിയിൽ സംസ്ഥാനത്ത് ഒട്ടാകെ **5 ലക്ഷത്തിലധികം** പരാതികൾ ലഭിച്ചതിൽ **3,99,656** പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ഇതിലൂടെ ലഭിച്ച പരാതികൾ അവലോകനം ചെയ്തതിൽ നിന്നും റീസർവ്വെ, ബി.പി.എൽ.കാർഡ്, വീടു വയ്ക്കുന്നതിന് ധനസഹായം എന്നിവ സംബന്ധിച്ച പരാതികളാണ് പ്രധാനമായും ഇനി അവശേഷിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ റീസർവ്വെ സംബന്ധിച്ച പരാതികളിന്മേൽ അടിയന്തിര തീർപ്പുകല്പിക്കുന്നതിനായി വില്ലേജ് തലത്തിൽ പ്രത്യേകമായി സർവ്വെ അദാലത്ത് സംഘടിപ്പിച്ച് സമയബന്ധിതമായി തീരുമാനം കൈക്കൊള്ളാൻ റവന്യൂ വകുപ്പിനും, ബി.പി.എൽ. കാർഡ് ലഭ്യമാക്കുന്നതിനുവേണ്ടിയും/വീടുവയ്ക്കുന്നതിന് ധനസഹായം നൽകാനുള്ള കാര്യത്തിലും അർഹരായവരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള ഊർജ്ജിത നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

4